(ബി) എങ്കിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് ക്ഷേമനിധിയുടെ പരിധിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ&ബി) ഇല്ല. സംസ്ഥാനത്തെ ബാർബർ തൊഴിലാളികൾക്കും അലക്കു തൊഴിലാളികൾക്കും കൂടി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിന് വേണ്ടി തയ്യാറാക്കിയ കരട് ബില്ലിന് മന്ത്രിസഭയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇത് അടുത്ത നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിച്ച് ആക്ട് ഉണ്ടാക്കിയ ശേഷമേ പ്രത്യേക പദ്ധതിയും ചട്ടങ്ങളും ഉണ്ടാക്കാൻ കഴിയൂ. അത്തരം പദ്ധതി ഉണ്ടാക്കുമ്പോൾ മാത്രമേ തൊഴിലാളികൾക്ക് നൽകാവുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച് വിശദീകരിക്കാനാവുകയുള്ളൂ.

സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതനം

59 (2637) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതനം പുതുക്കികൊണ്ടുള്ള കരട് വിജ്ഞാപനത്തിന്മേലുള്ള പരാതി സ്വീകരിക്കുന്ന അവസാന തീയതി എന്നായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) പരാതികളും ആക്ഷേപങ്ങളും ഉന്നയിക്കേണ്ട സമയം കഴിഞ്ഞിട്ടും അവസാന വിജ്ഞാപനം പുറപ്പെടുവിക്കാത്തതിന് കാരണം വ്യക്തമാക്കുമോ ;

(സി) 1990 ഏപ്രിൽ 25-ന്റെ ശമ്പള പരിഷ്ക്കരണ കരാറിന്റെ കാലാവധി അവസാനിപ്പിച്ച തീയതി മുതൽ മുൻകാല പ്രാബല്യത്തോടെ ആനുകൂല്യങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 19-7-1999 ആയിരുന്നു.

(ബി) സർക്കാരിന് ലഭിച്ച ആക്ഷേപങ്ങളും നിർദ്ദേശങ്ങളും മിനിമം വേതന ഉപദേശക സമിതിക്ക് അയച്ചുകൊടുക്കുകയുണ്ടായി. സമിതിയുടെ അഭിപ്രായം 18-1-2000 ത്തിലാണ് സർക്കാരിന് ലഭിച്ചത്. സമിതിയുടെ അഭിപ്രായങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് അന്തിമ വിജ്ഞാപനം അയച്ചുതരുവാൻ ലേബർ കമ്മീഷണറോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

എന്നാൽ ഈ പ്രാഥമിക വിജ്ഞാപനത്തെ കേരള പ്രൈവറ്റ് ഹോസ്പിറ്റൽ അസോസിയേഷൻ ബഹു.ഹൈക്കോടതിയിൽ ചോദ്യം ചെയ്ത് ഒ.പി. നമ്പർ 30835/99-നു ഫയൽ ചെയ്യുകയും പ്രസ്തുത ഒ.പി.യിലെ തീർപ്പിനു വിധേമായി മാത്രമേ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കാവൂ എന്ന് കോടതി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

(സി) മുൻകാല പ്രാബല്യം നൽകുന്നതിന് മിനിമം വേജസ് ആക്ടിൽ വ്യവസ്ഥയില്ല. നോട്ടിഫിക്കേഷൻ ഗസറ്റിൽ വരുന്ന തീയതി മുതൽക്കേ ഇതിനു പ്രാബല്യം ഉണ്ടായിരിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly